## ഗവ. ഹയർസെക്കന്ററി സ്കൂൾ മുണ്ടേരി



# അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## 2025-2026

# ആമുഖം

"മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിൻ ദർശനം സമകാലിക സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. എല്ലാത്തരത്തിലുള്ള വിവേചനങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നുമുള്ള മോചനം സാധ്യമാവണമെങ്കിൽ എല്ലാതരം ആളുകളെയും ഉൾക്കൊള്ളുന്നതാവണം വിദ്യാഭ്യാസം. അവസര സമത്വം രേഖകളിൽ മാത്രം പോര ലിംഗ ഭേദമന്യേ എല്ലാവർക്കും തുല്യ ഉറപ്പുവരുത്താനാവണം. ജാതിയുടെയോ മതത്തിന്റെയോ സമ്പത്തിന്റെയോ അതിർ വരമ്പുകൾ ഒന്നിനും തടസ്സമാവരുത് .

വിദ്യാഭ്യാസം സമഗ്രവും സമ്പൂർണ്ണവുമാകണമെങ്കിൽ വിദ്യാലയ അന്തരീക്ഷം രസകരവും ആഹ്ലാദകരവുമായിരിക്കണം. മാറിവരുന്ന അഭിരുചികളെ തൃപ്തിപ്പെടുത്തുന്നതാവണം പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങൾ. കുട്ടികളിൽ ആത്മവിശ്വാസവും പൗരബോധവും മൂല്യബോധവും വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. കാലത്തിനും ദേശത്തിനും കഴിവിനും അനുയോജ്യമായ വിധം വിദ്യാലയ അനുഭവങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. നേട്ടക എന്നതിനപ്പുറം മാനവ സ്നേഹവും പാരിസ്ഥിതിക ബോധവും വിദ്യാർത്ഥികളിൽ വളരണം . അതോടൊപ്പം പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ഓരോ ക്ലാസിൽ വച്ചുംകുട്ടികൾ ആർജിക്കേണ്ട നൈപുണികൾ യഥാസമയം ആർജിക്കുന്നുണ്ടെന്ന് ഉറപ്പിക്കുകയും വേണം ഇത്തരം വിശാലമായ ലക്ഷ്യത്തിലേക്ക് നയിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി രേഖയാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ച കൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2005 ) നിർദ്ദേശങ്ങളിലും വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടു വെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ട് കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ  അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരവും ആഹ്ലാദകരവും ആക്കുക.
- 8 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- വിദ്യാലയത്തിലെ പഠന -പഠനാനുബന്ധപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുക.
- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ആയ ലബോറട്ടറി ലൈബ്രറി എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുക.
- വിവര വിനിമയെ സാങ്കേതികവിദ്യയുടെ അർത്ഥവത്തായ ഉപയോഗം സാധ്യമാക്കുക.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക.
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദ മാക്കുകയും ചെയ്യുക.
- ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക , പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- കുട്ടികളിൽ ശാസ്ത്രവബോധം വളർത്തുക.

- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുക

## സ്കൂളിന്റെ ചരിത്രം

കേരളത്തിൻറെ വിദ്യാഭ്യാസ ചരിത്രത്തിൽ തിളക്കമാർന്ന അധ്യായം ചേർത്തുകൊണ്ടിരിക്കുന്ന ഒരു സർക്കാർ വിദ്യാലയമാണ് മുണ്ടേരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ . കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ കാഞ്ഞിരോട് എന്ന പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

കണ്ണൂർ - മട്ടന്നൂർ പാതയിൽ കാഞ്ഞിരോട് 110 KV സബ്സ്റ്റേഷനും മുണ്ടേരി വില്ലേജ് ഓഫ്സിനും സമീപത്തായി തലയെടുപ്പോടെ നിൽക്കുന്ന ഈ വിദ്യാലയം ഗ്രാമത്തിനകത്തും പുറത്തും അക്ഷര വെളിച്ചം നൽകി 4 പതിറ്റാണ്ടായി നിറഞ്ഞു നിൽക്കുകയാണ്.

ഇന്ന് വിദ്യാലയം സ്ഥിതി ചെയ്യുന്ന, ഒരു കാലത്ത് കച്ചേരി മൈതാനം എന്നറിയപ്പെട്ടിരുന്ന സ്ഥലത്തിന് ഒട്ടേറെ ചരിത്രം പറയാനുണ്ട്. കച്ചേരി എന്നാൽ തർക്കങ്ങൾ പറഞ്ഞു തീർക്കുന്നിടം എന്നാണർത്ഥണം

ബ്രിട്ടീഷ് ഭരണകാലത്ത് നാട്ടിൻപുറ തർക്കങ്ങൾ തീർക്കുന്നതിനും വിവിധ കാരണങ്ങൾ പരിഹരിക്കുന്നതിനുമായി അംശം അധികാരികൾ തമ്പടിച്ചിരുന്ന സ്ഥലം കാഞ്ഞിരോടുള്ള കച്ചേരി മൈതാനം എന്ന് പിൽക്കാലത്ത് അറിയപ്പെട്ടു.
കുറച്ചുകാലം കണ്ണൂരിലെ പട്ടാള പരിശീലനങ്ങൾക്കുള്ള ഇടത്താവളമായും ഈ മൈതാനം ഉപയോഗിക്കപ്പെട്ടു.

1960 കൾക്ക് ശേഷം കച്ചേരികൾക്ക് പകരം വില്ലേജ് ഓഫീസുകൾ നിലവിൽ വന്നു . കാഞ്ഞിരോട് വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന കച്ചേരി മൈതാനിയിലാണ് നമ്മുടെ വിദ്യാലയം ഉയർന്നു വന്നത്.

1981 അന്നത്തെ നായനാർ മന്ത്രിസഭ നടപ്പിലാക്കിയ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ പദ്ധതിയുടെ ഭാഗമായി നമ്മുടെ ഗ്രാമത്തിലെ ലഭിച്ച വിദ്യാലയമാണ് മുണ്ടേരി ഗവ.ൺമെൻറ് ഹൈസ്കൂൾ. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു ശ്രീ കെ കേളൻ മാസ്റ്ററുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി പിറന്ന സ്കൂൾ കാഞ്ഞിരോട് എ യു പിസ്കൂളിലെ രണ്ട് ഗ്ലാസ് മുറികളിലാണ് 51 വിദ്യാർത്ഥികളുമായി അധ്യായനമാ

രംഭിച്ചത്.ഏതാനും മാസങ്ങൾക്കുള്ളിൽ അത് വിശാലമായ കച്ചേരി മൈതാന പറമ്പിൽ സർക്കാരിൽ നിന്നും പ്രത്യേകമായി പതിച്ചുകിട്ടിയ 5 ഏക്കർ സ്ഥലത്ത് നടപ്പെട്ടു. അന്ന് നിർമ്മിച്ച ഓട്ടുമേഞ്ഞ അഞ്ചുമുറി കെട്ടിടത്തിൽ മൂന്നെണ്ണം അന്നത്തെ കാഞ്ഞിരോട് മുസ്ലിം ജമാഅത്ത് കമ്മിറ്റിയും രണ്ടെണ്ണം നാട്ടുകാരിൽ നിന്ന് സംഭാവന പിരിച്ചുമാണ് നിർമ്മിക്കപ്പെട്ടത്. ഇതിൻറെ നിർമ്മാണത്തിന് സമീപവാസിയായ എ എം മുഹമ്മദ് ഹാജി നേതൃത്വം നൽകി. പിന്നീട് ക്ലാസുകളും വിദ്യാർത്ഥികളും വർദ്ധിച്ചപ്പോൾ അനുബന്ധമായി താൽക്കാലിക ഓല ഷെഡുകൾ നിർമ്മിച്ചു ഓല ഷെഡുകൾ നിർമ്മിച്ചു.

മാനത്തിടിവെട്ടുമ്പോൾ , കാറ്റൊന്നു ശക്തിയായി വീശുമ്പോൾ ,കാലവർഷം അതിൻറെ എല്ലാ രൗദ്രഭാവങ്ങളും പുറത്തെടുക്കുമ്പോൾ പഴയ പട്ടാള ക്യാമ്പിനെ അനുസ്മരിപ്പിച്ചുകൊണ്ട് കേളൻ മാസ്റ്ററോടൊപ്പം ശ്രീ എം എം മുഹമ്മദ്,പി നാരായണൻ മാസ്റ്റർ ,ശ്രീ കണ്ണൻ എന്നിവരും കാവൽ ഭടന്മാരെ പോലെ സ്കൂളിലേക്ക് ഓടിയെത്തും.കാറ്റിൽ ഇലകയാടുന്ന ഓലകൾ കമ്പുകൾ കൊണ്ടും കൈകൾ കൊണ്ടും അടക്കി ഒതുക്കും. അക്കാലത്ത് അവിടെ അധ്യാപകരായ മൂസ മാസ്റ്റർ, കണ്ണൻ മാസ്റ്റർ, ഗിരിജ ടീച്ചർ ,കാദർ മാസ്റ്റർ എന്നിവരും അവരോടൊപ്പം ചേരും. പിന്നീട് ജില്ല , ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെയും എം എൽ എ മാരായ എം വി ജയരാജൻ

എ പി അബ്ദുള്ളക്കുട്ടി എം .പി മാരായ കെ സുധാകരൻ , എം പി അച്യുതൻ എന്നിവരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വിവിധ കാലങ്ങളിൽ ലഭിച്ച മനോഹരമായ കെട്ടിടങ്ങൾ പഴയ ഓടിട്ട അഞ്ചുമുറികളോടൊപ്പം ഉയർന്നുവന്നു.

പ്രൈമറി ക്ലാസ്സുകളോടെ പഠനം നിർത്തേണ്ടി വരുമായിരുന്ന കാഞ്ഞിരോട് പ്രദേശത്തെ ഒട്ടനവധി കുട്ടികളെ ഹൈസ്കൂളിലേക്ക് കൈപിടിച്ചുയർത്തിയത് മുണ്ടേരി ഗവ. ഹൈസ്കൂളാണ്. 2002 ഗവ. ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തപ്പെട്ടു. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് മുണ്ടേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ .

2017 മെയ് 19 ന് ബഹു.കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂളിൽ വെച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് സ്കൂൾ വികസനത്തിനു വേണ്ടി രാജ്യസഭാ എം.പി ആയിരുന്ന ശ്രീ. കെ കെ രാജേഷിന്റെ നേതൃത്വത്തിൽ സ്കൂളിൻറെ അക്കാദമികവും ഭൗതികവുമായ ഉന്നമനത്തിനു വേണ്ടി നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ മുദ്ര കമ്മിറ്റി രൂപീകരിച്ചു.

# മുദ്രാ വികസന പദ്ധതി
## ( Munderi Govt. Higher Secondary School
## Development Reformation & Academic Adavancement Plan )

അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം സാധാരണക്കാരായ കുട്ടികൾക്ക് പ്രാപ്യമാക്കുക എന്നതാണ് മുദ്രയുടെ ലക്ഷ്യം. മികച്ച അക്കാദമിക്ക് പശ്ചാത്തലെ മാരുക്കാൻ ഭൗതിക സാഹചര്യങ്ങളുടെ വികസനം ഉറപ്പാക്കേണ്ടതുണ്ട് എന്ന കാഴ്ചപാടിലാണ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനം ആരംഭിച്ചത്. ഈ നാട്ടുകാരനും രാജ്യസഭ എം പിയുമായ ശ്രീ. കെ കെ രാജേഷിന്റെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഫലമായാണ് മുദ്രാ വികസന പദ്ധതി യാഥാർത്ഥ്യമാകുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ജനപ്രതിനിധി വിദ്യാലയത്തിന് വേണ്ടി അഹോരാത്രം പ്രവർത്തിച്ചതിന്റെ ഉത്തമോദാഹരണം ശ്രീ. കെ കെ രാഗേഷിന്റെ ലക്ഷ്യബോധവും നിശ്ചയദാർഢ്യവും നിതാന്ത പരിശ്രമവുമാണ് പ്രാപ്തിയിലെത്താൻ പോകുന്നത്. ഒപ്പം ഒട്ടേറെ വിദ്യാഭ്യാസ പ്രവർത്തകരുടെയും ജനനേതാക്കളുടെയും നാട്ടുകാരുടെയും കൂട്ടായ പ്രവർത്തനവും .

വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വിവിധ ഫണ്ടുകളുടെ സംയോജനം സാധ്യമാക്കി. പൊതുമേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ടുകൾ, ഗവൺമെൻറ് ഫണ്ടുകൾ, MP ഫണ്ടുകൾ, MLA ഫണ്ടുകൾ തുടങ്ങിയവ സമാഹരിച്ചു.

ഈ പഞ്ചായത്തിലെ ആറായിരത്തിലധികം വരുന്ന കുടുംബാംഗങ്ങളുടെ നിർലോഭമായ വിവരശേഖരണത്തോടുകൂടിയാണ് ഫണ്ട് ശേഖരണം തുടങ്ങിയത്. ബിപിസിഎൽ പവർ ഫൈനാൻസ് കോർപ്പറേഷൻ കൊച്ചിൻ ഷിപ്പിയാർഡ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എച്ച്പിസി എൽ എൻ എച്ച് പി സി എൽ ടി പി സി എൻ തുടങ്ങിയ 22 ഓളം സ്ഥാപനങ്ങൾ ഈ വികസനത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

വിദ്യാലയ വിഭവങ്ങൾ

ഒരു നാടിൻറെ സാംസ്കാരിക കേന്ദ്രം കൂടിയാണ് വിദ്യാലയം. അതുകൊണ്ടു തന്നെ ഉന്നതമായ കാഴ്ചപ്പാടിനനുസൃതമായ വിഭവസമ്പത്ത് ആ വിദ്യാലയത്തിനു ണ്ടാവേണ്ടതുണ്ട് . മുണ്ടേരി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഇന്ന് അത്തരത്തിൽ ഭൗതികമായ മികച്ച സൗകര്യങ്ങൾ ഉള്ള വിദ്യാലയമായി മാറിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരായ കുട്ടികൾക്ക് ഗുണപ്രദവും സുരക്ഷിതവും ശുചിത്വപൂർണ്ണവുമായ പഠനാന്തരീക്ഷം ഒരുക്കുവാനും ഉറപ്പുവരുത്തുവാനുമുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം അഞ്ചര അതിൽ വിശാലമായ കളിസ്ഥലവും ഉണ്ട് . 28 ക്ലാസ് മുറികൾ ആധുനിക സജ്ജീകരണങ്ങളോടുകൂടി പൂർത്തിയായിട്ടുണ്ട്. കുട്ടികൾക്കിരിക്കാൻ കസേരയും ആവശ്യമായ സൗകര്യങ്ങളോടുള്ള ഡെസ്കും ഒരുക്കിയിട്ടുണ്ട്. പുസ്തകങ്ങൾ സൂക്ഷിക്കാനും മറ്റുമായി ക്ലാസ് റൂമിൽ തന്നെ ഷെൽഫുകൾ തയ്യാറാക്കിയിട്ടുണ്ട്. പഠനത്തിനു സഹായകമായ നൂതന വിഭവങ്ങൾ ഉള്ള ഐഎഫ്എസ് പി പാനലും സൗണ്ട് സിസ്റ്റവും എല്ലാ ക്ലാസ് മുറിയിലുമുണ്ട്.എല്ലാ ക്ലാസ് മുറിയിലും ഫാനുകൾ ലൈറ്റ് സംവിധാനം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

ഹൈസ്കൂൾ വിഭാഗത്തിന് 16 ക്ലാസ് മുറികളും ഒരു കമ്പ്യൂട്ടർ ലേബർ പ്രവർത്തിക്കുന്നു. ഹയർ സെക്കന്ററി വിഭാഗത്തിന് 12 ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ഫിസിക്സ് -മാത്സ് ലാബ്, സുവോളജി -ബോട്ടണി ലാബ് എന്നിവയും ആധുനിക സംവിധാനങ്ങളോടുകൂടി പ്രവർത്തിക്കുന്നു.

ലൈബ്രറി 20000 പുസ്തകങ്ങൾ ഉള്ള ബൃഹത്തായ ഒരു ലൈബ്രറി സ്കൂളിനുണ്ട്. കൂടാതെ ഡിജിറ്റൽ ലൈബ്രറിയും ഉണ്ട്.

സോളാർപാനൽ - വിദ്യാലയത്തിന്റെ വൈദ്യുത ഉപയോഗ കാര്യത്തിൽ സ്വയം പര്യാപ്തമാക്കാൻ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നവ വീഡിയോ കോൺഫറൻസ് ഹാൾ (എല്ലാ ക്ലാസ് മുറികളുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നത്.)

ഉച്ചഭക്ഷണശാലയും ഓഡിറ്റോറിയവും - ആയിരം പേർക്കിരിക്കാവുന്ന ഓഡിറ്റോറിയത്തിന്റെയും 250 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന ഭക്ഷണശാലയുടെയും പണി പൂർത്തിയായി

പ്ലാനറ്റേറിയം - ജ്യോതിശാസ്ത്ര പഠനം , വാനനിരീക്ഷണം , ശാസ്ത്രാവബോധം വളർത്തൽ എന്നിവ ലക്ഷ്യം വെച്ച കൊണ്ടുള്ള പ്ലാനറ്റേറിയത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.

ആംഫിതിയേറ്റർ - വിദ്യാർത്ഥികൾക്ക് ക്ലാസ് റൂമിനപ്പുറം തങ്ങളുടെ സർഗ്ഗവാസനകൾ ആവിഷ്കരിക്കാനുള്ള ഒരിടമായി ആംഫിതിയേറ്ററിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്.

കൂടാതെ കുട്ടികളുടെ കായികാരോഗ്യം ലക്ഷ്യമാക്കി കൊണ്ട് ഫുട്ബോൾ ഗ്രൗണ്ട്, വോളിബോൾ ബാഡ്മിൻറൺ കോർട്ട് ,ഷട്ടിൽ കോർട്ട് അത് ലറ്റിക്ക് സൗകര്യങ്ങൾ എന്നിവയുംമുദ്രാവിഭാവനം ചെയ്തു നടപ്പാക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

1. വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നിന്ന് നേടേണ്ട നൈപുണി നേടിയെന്ന് ഉറപ്പുവരുത്തുക.
2. അക്കാദമികവും കലാപരവും കായികവുമായ ശേഷികൾ സർഗ്ഗാത്മകമായ കഴിവുകൾ എന്നിവ കണ്ടെത്തി പരിപോഷിപ്പിക്കുക.
3. മാതൃഭാഷയിലും ഇംഗ്ലീഷ് ഇന്ത്യ തുടങ്ങിയ ഭാഷകളിലും ആശയവിനിമ ശേഷി ഉറപ്പുവരുത്തുക.
4. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും തുല്യ അവസരവും തുല്യനീതിയും നടപ്പാക്കുക.
5. എല്ലാ ക്ലാസ് മുറികളിലും ആധുനിക രീതിയിലുള്ള പഠനോപകരണങ്ങൾ ഉറപ്പുവരുത്തുക ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
6. സൗരോർജ്ജം പ്രയോജനപ്പെടുത്തി സ്കൂളിന് ആവശ്യമായ മുഴുവൻ വൈദ്യുതിയും ഉത്പാദിപ്പിക്കുക.
7. പഠനത്തിൽ പിന്നൊക്കെ നിൽക്കുന്നവരെയും പഠനത്തിൽ മിടുക്കരായവരെയും കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം ഉറപ്പാക്കുക.
8. സമൂഹത്തിന് തന്നെ ഭീഷണിയായി നിൽക്കുന്ന മദ്യപാനം മയക്കുമരുന്നിന്റെ ഉപയോഗം എന്നീ കാര്യങ്ങളിൽ പൊതു തലമുറയ്ക്ക് അവബോധം നൽകുക.
9. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണനയും പരിരക്ഷയും ഉറപ്പാക്കുക.
10. പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
11. കുട്ടികൾക്ക് കരിയർ ഗൈഡൻസിന്അവസരമൊരുക്കും
12. എല്ലാ കുട്ടികളിലും സാമൂഹിക ബോധവും പൗരബോധവും ഉണർത്തുന്ന രീതിയിൽ പഠനയാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.
13. കുട്ടികളിൽ സുജിത്ത് മനോഭാവവും ശുചിത്വ ശീലവും കാർഷിക സംസ്കാരവും വളർത്തിയെടുക്കാൻ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
14. സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

## ഉപസംഹാരം

മുണ്ടേരി ഗവ. ഹയർ സെക്കൻന്ററി സ്കൂൾ വളരുകയാണ് എല്ലാ അർത്ഥത്തിലും ഒരു നാടിന്റെയും നാട്ടുകാരുടെയും ചിരകാല സ്വപ്നം യാഥാർത്ഥ്യത്തോടടുക്കുന്നു. നാല്പ പതിറ്റാണ്ടിനോട് അടുക്കുന്ന വിദ്യാലയത്തിന്റെ ചരിത്രം തികച്ചും ആശാവഹം തന്നെ. സാധാരണ കുട്ടുകുടുംബാന്തരീക്ഷത്തിൽനിന്നും വരുന്ന ഗ്രാമീണരായ ഒട്ടേറെ വിദ്യാർഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകി അവരെ ഉത്തമ പൗരരായി വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് എന്ന് അഭിമാനത്തോടെ തന്നെ പറയാം.

ഓലമേഞ്ഞ പഴയ വിദ്യാലയം ഇന്ന് മാനംമുട്ടെ തലയുയർത്തി നിൽക്കുന്ന ഹൈടെക് വിദ്യാലയമായി വളർന്നു വന്നത് മായാജാലത്തിലൂടെയല്ല. അനേകം മനസ്സുകളുടെ കഠിനാധ്വാനം കൊണ്ടാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു. വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ചാലാശക്തി മുൻ രാജ്യസഭാംഗം ശ്രീ. കെ കെ രാജേഷ് എന്ന ജനപ്രതിനിധിയും ജനനേതാവുമാണ്. പദ്ധതി രൂപീകരണത്തിൽ മാത്രമല്ല ധനസമാഹരണത്തിനും പദ്ധതി നിർവഹണത്തിനും അദ്ദേഹം തന്നെയാണ് നേതൃത്വം നൽകുന്നത്.

കാലം മാറിക്കൊണ്ടിരിക്കും ആവശ്യങ്ങളും മാറിക്കൊണ്ടിരിക്കും മാറ്റങ്ങൾ ഇനിയും ഉണ്ടാകും നല്ല മാറ്റങ്ങൾക്കായി നമുക്കും കാത്തിരിക്കാം.

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ -മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | വായന പരിപോഷിപ്പിക്കൽ | വായനാരാമം<br>എഴുത്തുകാരെ കൊണ്ടുവരിക | ഒരു വർഷം | വിദ്യാരംഗം കലാസാഹിത്യ വേദി |
| 2 | അക്ഷര പരിശീലനം,(ലിഖിത നൈപുണി വളർത്തൽ) | എഴുത്തു കളരി- 8,9 ൽ പിന്നോക്കം വരുന്ന കുട്ടികളെ എഴുത്തു പരിശീലനം | ഒരു വർഷം സമയം<br>4 മുതഷൽ 5 വരെ | വിദ്യാരംഗം കലാസാഹിത്യ വേദി |
| 3 | സർഗ്ഗാത്മകത / സാഹിത്യത്തിന്റെ രുചി വളർത്തൽ | വായനാദിനാചരണം<br>(എ) വായനാദിന ക്വിസ്<br>(ബി) വായനക്കുറിപ്പ് തയ്യാറാക്കൽ<br>(സി) സാഹിത്യകാരന്മാരെയും പുസ്തകത്തെയും പരിചയപ്പെടൽ<br>(ഡി) അക്ഷരപ്പൂക്കട കുട്ടികളുടെ സർഗ്ഗാത്മക രചനകളുടെ ശേഖരണം | ജൂൺ 19<br>മുതൽ<br>ജൂലൈ 18<br>വരെ | |

## സംസ്കൃതം മാസ്റ്റർ പ്ലാൻ

# ലക്ഷ്യം

സംസ്കൃതഭാഷയിൽ എഴുതാനും സംസാരിക്കാനുമുള്ള സാമർത്ഥ്യം
കഥ, കവിത, പടകഥ, ശബ്ദകോശം -നിർമ്മാണം
പുതിയ സാങ്കേതികവിദ്യയിലൂടെ ചിത്രീകരണം ,ടൈപ്പിംഗ്
കലാരൂപങ്ങൾ മനസ്സിലാക്കാൽ അവതരിപ്പിക്കൽ അഭിനയസാമർത്ഥ്യം

| നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| 1 | സംസ്കൃതവിജ്ഞാനം,_സംസ്കൃതം ലേഖനം, വാചനം , വാക്യനിർമ്മാണം. | 1 മാസം | സംസ്കൃതം വായിക്കാനും എഴുതാനും ഉള്ള സാമർത്ഥ്യം. | സംസ്കൃതം ക്ലബ്. |
| 2 | <u>നാടക ശില്പശാല</u><br>നാടകങ്ങൾ , സംസ്കൃത നാടകങ്ങൾ എന്നിവ കാണാനുള്ള അവസരം.<br><br>നാടക കലാകാരന്മാരുടെ ക്ലാസ്സ് | വർഷം 2 തവണ | നാടക അവബോധം അഭിനയ പാഠവം<br>അവതരണ പാഠവം | SRG<br>സംസ്കൃതം ക്ലബ്ബ് |
| 3 | <u>പഠനം കളിയിലൂടെ</u><br>കളികൾ സംഭാഷണ സംസ്കൃത്തിലൂടെ/<br>കളിക്കാരുടെ സംഘരൂപീകരണം | എല്ലാ മാസങ്ങളിലും | കായികാവബോധം വർദ്ധിപ്പിക്കൽ, സംഭാഷണ സാമർത്ഥ്യം | സ്പോർട്സ് ക്ലബ്ബ്,<br>സംസ്കൃതം ക്ലബ്ബ് |
| 4 | <u>വാർത്താ സംസ്കൃതം</u><br>കൈയ്യെഴുത്ത് മാസികാ നിർമ്മാണം, സംസ്കൃത വാർത്തകൾ കേൾക്കാനും കാണാനുമുള്ള അവസരം, സ്കൂൾ റേഡിയോവിൽ സംസ്കൃത വചനം. | എല്ലാ മാസങ്ങളിലും | സംസ്കൃത ജ്ഞാനം, സംഭാഷണ പാടവം രചനാ സാമർത്ഥ്യം | സ്പോർട്സ് ക്ലബ്ബ്,<br>സംസ്കൃതം ക്ലബ്ബ് |
| 5 | സംഭാഷണ സംസ്കൃതം<br>സംസ്കൃതാന്തരീക്ഷം വിദ്യാലയത്തിൽ. | എല്ലാ ആഴ്ചയില | സംഭാഷണ സാമർത്ഥ്യം<br>ഭാഷാശേഷി | സംസ്കൃതം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ലഘു സംഭാഷണ സദസ്സ് | | | |
| 6 | ഔഷധത്തോട്ട നിർമ്മാണം<br>ദശപുഷപ സസ്യങ്ങൾ നടൽ<br>കൃഷിജ്ഞാനം, ഒഷധത്തെക്കുറിച്ചുള്ള അറിവ് സസ്യനാമം സ്ഥാപിക്കൽ | വർഷത്തിൽ ഒന്ന് | കൃഷി ജ്ഞാനം,<br>സസ്യ വിജ്ഞാനം | സംസ്കൃതം ക്ലബ്ബ്,<br>കാർഷിക ക്ലബ്ബ് |
| 7 | <u>സംസ്കൃത പ്രദർശിനി</u><br>സ്ഥാവരജംഗമ പുഷ്പഫല ശേഖരണവും<br>സംസ്കൃതനാമകരണവും, പ്രദർശനവും | വർഷത്തിൽ ഒന്ന് | ശേഖരണ പാടവം സംസ്കൃത ജ്ഞാനം | സംസ്കൃതം ക്ലബ്ബ്,<br>കാർഷിക ക്ലബ്ബ് |
| 8 | <u>കലാസംസ്കൃതം</u><br>സംസ്കൃത കലാരൂപങ്ങളുടെ ക്ലാസ്സും ദൃശ്യാവിഷ്കാരം കാണാനുള്ള അവസരം | വർഷത്തിൽ ഒന്ന് | സംസ്കൃത കലാവ ബോധം | സംസ്കൃതം ക്ലബ്ബ് |
| 9 | നൂതന സാങ്കേതികവിദ്യയിലൂടെ സംസ്കൃതം ടൈപ്പിംഗ് ,പ്രസന്റേഷൻ,ഓഡിയോ, വീഡിയോ നിർമ്മാണം, ലഘു ഡോക്യുമെന്ററി | വർഷത്തിൽ രണ്ട് തവണ | സാങ്കേതിക ജ്ഞാനം സംസ്കൃത ജ്ഞാനം | IT ക്ലബ്ബ് |
| 10 | സംസ്കൃത സാഹിത്യ സായാഹ്നം<br>സംസ്കൃത പരിപാടികൾ അവതരിപ്പിക്കൽ | മാസത്തിൽ രണ്ട് തവണ | സംസ്കൃത ജ്ഞാനം അവതരണ പാടവം | സംസ്കൃതം ക്ലബ്ബ് |

## ഉറുദു - മാസ്റ്റർ പ്ലാൻ

| നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ലക്ഷ്യം | ചുമതല |
|---|---|---|---|---|
| 1 | <u>പ്രസംഗം കല</u><br>പ്രസംഗം കേൾക്കാനും കാണാനുമുള്ള അവസരം<br>പ്രാസംഗികമാരുടെ ക്ലാസ് | ആഴ്ചയിൽ ഒന്ന് | അവതരണ പാടവം<br>നന്നായി പ്രസംഗിക്കുക | ഉറുദു ക്ലബ്ബ് |
| 2 | <u>പഠനം കളിയിലൂടെ</u><br>കയ്യെഴുത്ത് മാസിക നിർമ്മാണം , ഉറുദു വാർത്തകൾ കേൾക്കാനും കാണാനുമുള്ള അവസരം.<br>കളികളിലൂടെ/ സംഭാഷണത്തിലൂടെ സംഘ രൂപീകരണത്തിലൂടെ | എല്ലാ ആഴ്ചയിലും | സംഭാഷണ സാമർത്ഥ്യം<br>ഭാഷാപരി പോഷണം | ഉറുദു ക്ലബ്ബ് |
| 3 | ഉറുദു മഹോൽ വിദ്യാലയത്തിൽ Rol Play സംഭാഷണം | എല്ലാ ആഴ്ചയിലും | സംഭാഷണ സാമർത്ഥ്യം<br>ഭാഷാശേഷി ,<br>നൈപുണി | ഉറുദു ക്ലബ്ബ് |
| 4 | സാഹിത്യ സായാഹ്നം<br>ഗസൽ സന്ധ്യ പരിപാടികൾ<br>കഥാരചന<br>കവിത രചന<br>കവിതാലാപനം നാടകാവതരണം<br>ഗസൽ ആലാപനം ദേശഭക്തിഗാനങ്ങൾ | ആഴ്ചയിൽ ഒന്ന് | അവതരണ പാഠവും<br>സാഹിത്യാസ്വാദനം | ഉറുദു ക്ലബ്ബ് |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ -   അറബിക്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | അറബി എഴുതാനുംവായിക്കാനും പഠിക്കുന്നു | • പോസ്റ്റർ നിർമ്മാണം<br>• അടിക്കുറിപ്പ് രചന | ജൂൺ,ആഗസ്റ്റ് | അറബി ക്ലബ്ബ് |
| 2 | വായന താൽപര്യം വളർത്തുന്നു | പുസ്തക GIVE AWAY SCHOOL INSTERGRAM PAGE വഴി<br>രചനാമത്സരങ്ങൾ<br>പാരായണ മത്സരങ്ങൾ | ജൂൺ | അറബി ക്ലബ്ബ് |
| 3 | അഭിനയ കല വളർത്തുന്നു | ഷോർട്ട് വീഡിയോ നിർമ്മാണം | ജൂൺ | അറബി ക്ലബ്ബ്. |
| 4 | ആറബി<br>ആനുകാലികം,ഇന്ത്യൻ -കേരള ചരിത്രം എന്നീ വിഷയങ്ങളിൽ അവബോധം ഉണ്ടാക്കുന്നു | അലീഫ് -അറബിക് ടാലന്റ് ടെസ്ററ് | ജൂലായ് | അറബി ക്ലബ്ബ്. |
| 5 | കാലിഗ്രാഫി പരിചയപ്പെടുന്നു | ചുവരെഴുത്ത്,ചിത്രരചന,മൈലാഞ്ചി ഇടൽ | ആഗസ്റ്റ് | അറബി ക്ലബ്ബ്. |

## അക്കാദമിക് മാസ്റ്റർ പ്ലാന് - ഹിന്ദി

ആമുഖം : നമ്മുടെ സ്കൂളിലെ 8 ,9 ,10 ക്ലാസിലെ കുട്ടികൾ അതതു ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട രീതിയിൽ ഹിന്ദി എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തനാക്കാനുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ചുവടെ കൊടുത്തിട്ടുള്ളത്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് വികസിപ്പിക്കുവാൻ. | 1. ഹിന്ദി പ്രാർത്ഥന<br>2. ഹിന്ദി അസംബ്ലി<br>3. ഹിന്ദി നോട്ടീസ് ബോർഡ് നിർമ്മാണം | ആഴ്ചയിൽ ഒരു ദിവസം<br>മാസത്തിൽ ഒരു ദിവസം<br>ആഴ്ചയിൽ രണ്ടു ദിവസം | വിദ്യാർത്ഥികൾ<br>ഹിന്ദി അധ്യാപകർ<br>ക്ലാസ്സ് അധ്യാപകർ |
| | | 4 ദിനാചരണങ്ങളിൽ ഹിന്ദിയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | പരിസ്ഥിതി ദിനം പ്രേംചന്ദ് ദിനം<br>സ്വാതന്ത്ര്യ ദിനം അധ്യാപക ദിനം<br>ഹിന്ദി ദിനം | ഹിന്ദി അധ്യാപകർ<br>ഹിന്ദി മഞ്ച് |
| | | 5 ഹിന്ദി ഡയറി | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി അധ്യാപകർ |
| 2 | കുട്ടികളിൽ സർഗാത്മകശേഷി വർദ്ധിപ്പിക്കാൻ | 1. കൈയ്യെഴുത്ത് മാസിക നിർമ്മാണം | വർഷത്തിൽ ഒന്ന് വീതം | അധ്യാപകർ,<br>വിദ്യാർത്ഥികൾ<br>ഹിന്ദി മഞ്ച് |
| | | 2. സാഹിത്യ സമാജം<br>ഇടവേളകളിൽ ഹിന്ദി അധ്യാപകർ<br>കമ്പ്യൂട്ടർ അധ്യാപകർ | മാസത്തിൽ ഒന്ന് | അധ്യാപകർ,<br>വിദ്യാർത്ഥികൾ |
| 3 | ഭാഷാപ്രാവിണ്യം വർദ്ധിപ്പിക്കുവാൻ | സ്പോക്കൺ ഹിന്ദിക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | ജൂൺ മാസം മുതൽ മാർച്ച് മാസം വരെ | അധ്യാപകർ |
| 4 | ഹിന്ദി ഭാഷാന്തരീക്ഷം സൃഷ്ടിക്കുവാൻ | 1. ഹിന്ദി സിനിമ പ്രദർശനം<br>2. ഡോക്യുമെൻററി | ഇടവേളകളിൽ | ഹിന്ദി<br>അധ്യാപകർ,<br>കമ്പ്യൂട്ടർ |

| | | | | |
|---|---|---|---|---|
| | | പ്രദർശനം | | അധ്യാപകർ |

**Academic master plan - English**

| Sl no | Aim | Activities | Duration | Duty |
|---|---|---|---|---|
| 1 | To instill confidence to communicate in English language | English corner-story time<br>English cartoon<br>English library renovation<br>Spoken English class<br>Versification<br>English assembly<br>Skit<br>Live reporting of news | June to August<br><br><br><br><br><br>class room activities | English club |
| 2 | To give chances to innovations in English | Displaying scenes from English movies to create profile and script,<br>Field trip,<br>Prepare screen play,<br>Role play,<br>Choreography,<br>Readers theatre,English fest | September to october<br><br><br>Monthly<br><br>Once in a year | English club<br>English teachers<br><br><br>English teachers and |

| | | | | |
|---|---|---|---|---|
| | | | | English club |
| 3 | To enable and give opportunities for self reading and writing in English | School English voice,<br>alphabet cards containing words and sentence creation. | Along with classroom activities | English teachers |
| 4 | Dramatization | Tableau of shakespearean Characters,<br>Puppet show,<br>Public speaking,<br>English news reading | Class room activities<br><br>Once in a week | English teachers<br><br>English teachers |
| 5 | To make students enable for English recitation and story writing | Arrange chances to listen to English audio,<br>To conduct English recitation and story writing,<br>To conduct  interviews with famous writers | December to February | English club |
| 6 | To use technology for the development of English language | Digital magazine,<br>Language lab,<br>English film festival,<br>Radio podcast | Once in a year | English club |

# ഫിസിക്കൽ സയൻസ് മാസ്റ്റർ പ്ലാൻ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ശാസ്ത്ര തത്വങ്ങൾ ഉറപ്പിക്കുന്നു | ശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ-ജൂലൈ | ഹൈസ്കൂൾ PS അധ്യാപകർ |
| 2 | ശാസ്ത്ര അഭിരുചി വളർത്തുന്നു | ◆ പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ (പോസ്റ്റർ രചന)<br>◆ ശാസ്ത്രപുസ്തകങ്ങൾ പരിചയപ്പെടുത്തൽ<br>◆ ചാന്ദ്രദിനാചരണ പ്രവർത്തനങ്ങൾ (ക്വിസ് മത്സരം ,പോസ്റ്റർ രചന, വീഡിയോ പ്രദർശനം , ചാന്ദ്രദിന ക്ലാസ് - എല്ലാ ക്ലാസിലും കൈകാര്യം ചെയ്യുന്നത് കുട്ടികൾ)<br>◆ ഇൻസ്പെയർ അവാർഡ് ഐഡിയ മത്സരം<br>◆ സെമിനാർ അവതരണ പരിശീലനം ,മത്സരം.<br>◆ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ<br>◆ സ്കൂൾതല ശാസ്ത്രമേള<br>◆ ഓസോൺ ദിനാചരണ പ്രവർത്തനങ്ങൾ ( ക്വിസ്, പോസ്റ്റർ രചന മത്സരം, വീഡിയോ നിർമ്മാണം)<br>◆ ബഹിരാകാശ വാരാചരണ പ്രവർത്തനങ്ങൾ ISRD യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ)<br>ക്വിസ്<br>◆ പഠനയാത്ര<br>◆ ശാസ്ത്രദിനാചരണ പ്രവർത്തനങ്ങൾ<br>◆ (ക്വിസ്, ജീവചരിത്രകുറിപ്പ് തയ്യാറാക്കൽ പ്രഭാഷണം-ക്ലാസ് തലം ) | ജൂൺ<br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ<br>എല്ലാ ആഴ്ചയിലും<br>സെപ്റ്റംബർ<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഫെബ്രുവരി | സയൻസ് ക്ലബ്<br>PS അധ്യാപകർ<br>സയൻസ് ക്ലബ്<br>സയൻസ് അധ്യാപകർ<br>PS അധ്യാപകർ<br>സയൻസ് ക്ലബ്<br>സയൻസ് ക്ലബ്<br>സയൻസ് ക്ലബ്<br>സയൻസ് ക്ലബ്<br>സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | | പ്രതിഭാ പോഷണം | മത്സരപരീക്ഷാ പരിശീലനം (NMMS , NTSE) | സെപ്റ്റംബർ ഒക്ടോബർ | PS അധ്യാപകർ |
| 4 | | ശാസ്ത്ര അവബോധം വളർത്തൽ | ➢ സെമിനാർ<br>➢ പഠനോപകരണ നിർമ്മാണ ശില്പശാല<br>➢ ശാസ്ത്ര മാസിക നിർമ്മാണം<br>- Workshop | സെപ്റ്റംബർ ഒക്ടോബർ ജനുവരി | സയൻസ് ക്ലബ് |

**സോഷ്യൽ സയൻസ് - മാസ്റ്റർ പ്ലാൻ**

| നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ലക്ഷ്യം | ചുമതല | ഗുണഭോക്താക്കൾ |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്ര (ICT) ലാബ് | മാസത്തിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര പഠനം ശാസ്ത്രീയമാക്കുവാൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 8,9,10 കുട്ടികൾ |
| 2 | പഠനയാത്ര എക്സിബിഷൻ | വർഷത്തിൽ ഒന്ന് | പ്രത്യക്ഷ അനുഭവങ്ങൾ ലഭ്യമാക്കാൻ | SRG | 8,9,10 കുട്ടികൾ |
| 3 | സംവാദം<br>സെമിനാർ<br>പ്രാഷണം<br>ക്വിസ് | മാസത്തിൽ ഒന്ന് | ആനുകാലിക വിഷയങ്ങളെക്കുറിച്ച് അറിവ് നേടുന്നതിന് | സോഷ്യൽ സയൻസ് ക്ലബ്ബ് | 8,9,10 കുട്ടികൾ |
| 4 | സ്കൂൾ പാർലമെന്റ് ഇലക്ഷൻ<br>ലോക് പാർലമെന്റ് | വർഷത്തിൽ ഒന്ന് | ജനാധിപത്യ മൂല്യങ്ങളും പൗരബോധവും വളർത്തൽ | SRG<br>SS CLUB | 8,9,10 കുട്ടികൾ |
| 5 | സാമൂഹ്യ ശാസ്ത്ര ലൈബ്രറി<br>ബുള്ളറ്റിൻ ബോർഡ്<br>ആഴ്ചപ്പത്രം | ദിവസേന | പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | SS CLUB | 8,9,10 കുട്ടികൾ |

| | | | | | |
|---|---|---|---|---|---|
| | ദിനാചരണപ്പത്രം | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | | | |
| 6 | പ്രാദേശിക ചരിത്ര രചന<br>വിദഗ്ദരുടെ ക്ലാസ്സുകൾ | വർഷത്തിൽ ഒന്നെങ്കിലും | ലഭ്യാമായ പ്രാദേശിക വിവരങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്തൽ | ക്ലാസ്സടിസ്ഥാനത്തിൽ | 8,9,10<br>കുട്ടികൾ |
| 7 | സാമൂഹിക ശാസ്ത്രമേള | | പാഠ്യേതര വിഷയങ്ങളിലുള്ള മികവ് | SRG | 8,9,10<br>കുട്ടികൾ |
| 8 | നിയമ ബോധവത്ക്കരണ ക്ലാസ്സ്<br>സൈബർ കുറ്റങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് | | നിയമങ്ങളെക്കുറിച്ചുള്ള അറിവ്.<br>സൈബർ കുറ്റങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് | SRG | 8,9,10<br>കുട്ടികൾ<br>രക്ഷിത്താക്കൾ |
| 9 | പച്ചക്കറിത്തോട്ട നിർമ്മാണം | | കാർഷികസംസ്ക്കാരത്തോട് ആഭിമുഖ്യം വളർത്താൻ | ക്ലാസ്സടിസ്ഥാനത്തിൽ | 8,9,10 |
| 10 | ICT ഉപകരണങ്ങൾ പരിശീലനം | | പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തൽ | SRG | അധ്യാപകർ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ :-ഗണിതശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ ബലപ്പെടുത്തുക. | ധാരാളം രസകരമായ മനക്കണക്കുകളിലൂടെ അടിസ്ഥാന ക്രിയകൾ ഉപയോഗിക്കുവാനുള്ള കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുന്നു . | ജൂൺ, ജൂലൈ | ഗണിതശാസ്ത്ര അധ്യാപകർ |
| 2 | ജാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു. | എട്ടാം ക്ലാസ് വരെ കുട്ടികൾ നേടേണ്ട ജ്യാമിതീയ അറിവ് കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു,അതിനുള്ള പരിഹാര | ജൂൺ ജൂലൈ | ഗണിതശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | പ്രവർത്തനങ്ങളും നൽകുന്നു. | | |
| 3 | ഗണിത നൈപുണി വികാസം | ഗണിത ക്വിസ് -ഓരോ ടേമിലുംസ്കൂൾ ക്വിസ് മത്സരം | പ്രതിമാസം<br>എല്ലാ മാസവും | |
| 4 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ<br>നേതൃത്വപാടവം . | ഗണിതശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>വിവിധതരത്തിലുള്ള ഗണിത ചാർട്ടുകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.(ICT ഉപയോഗിച്ച്) ഇവ വരയാൻ എല്ലാകുട്ടികൾക്കും അവസരം നൽകുന്നു. അവയിൽ നിന്ന് മെച്ചപ്പെട്ടവ തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകണം. | ആഗസ്റ്റ് സെപ്റ്റംബർ | |
| 5 | ഗണിതത്തിലുള്ള സർഗാത്മക കഴിവ് നേടുക. | ഗണിത മാഗസിനുകൾ, മാഗസിൻ കമ്മിറ്റി രൂപീകരണം,<br>ക്ലാസ് മാഗസിൻ ,<br>സ്കൂൾ മാഗസിൻ പ്രസിദ്ധരായ ഗണിതശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ ഫോട്ടോകൾ, മറ്റു ഗണിത വസ്തുതകൾ മാഗസിൻ പ്രകാശനം | ഒരു വർഷം | ഗണിത ക്ലബ്ബ് |
| 6 | ഗണിതത്തെ മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തുന്നു | ഗണിതവും ജ്യോതിശാസ്ത്രവും തമ്മിലുള്ള ബന്ധം എന്ന വിഷയത്തെക്കുറിച്ച് സെമിനാർ<br>റോബോട്ടിക് ക്ലാസ് | ഒക്ടോബർ | ഗണിതശാസ്ത്ര അധ്യാപകർ |
| 7 | ഗണിതം നിത്യജീവിതത്തിൽ | നിത്യജീവിതത്തിൽ കാണുന്നതും ഉപയോഗിക്കുന്നതുമായ ഘനരൂപങ്ങൾ എന്ന | നവംബർ | |

| | | | | |
|---|---|---|---|---|
| | | വിഷയത്തെക്കുറിച്ച് ഒരു വർക്ക് ഷോപ്പ് | | |
| 8 | ഭാരതീയ ഗണിത ശാസ്ത്രജ്ഞനെ പരിചയപ്പെടുത്തൽ | ഡിസംബർ 22 ഗണിത ശാസ്ത്ര ദിനം. ശ്രീനിവാസ രാമാനുജന്റെ ജീവിതത്തെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം , ശ്രീനിവാസരാമ രാമാനുജൻ ഗണിതശാസ്ത്രത്തിന് നൽകിയ സംഭാവനകൾ -ഒരു കുറിപ്പ് തയ്യാറാക്കുക | ഡിസംബർ | ഗണിതശാസ്ത്ര ക്ലബ് |
| 9 | ചോദ്യ നിർമ്മാണത്തിൽ കഴിവ് നേടുക | ഓരോ ടേമിലും ഉള്ള പാഠഭാഗങ്ങൾക്ക് അനുസരിച്ച് പരീക്ഷയ്ക്ക് മുൻപ് ഒരു ശനിയാഴ്ച വിവിധ ക്ലാസ്സുകളിൽ നിന്ന് കുട്ടികൾ തയ്യാറാക്കിയ ചോദ്യ പേപ്പർ ഉപയോഗിച്ച് (ഉത്തര സൂചിക അടക്കം ) ക്ലാസ്സ് ടെസ്റ്റുകൾ നടത്താം. | | |

## അക്കാദമി മാസ്റ്റർ പ്ലാൻ
## സ്കൂൾതല പ്രവർത്തനങ്ങൾ – കലാപഠനം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ഗ്യാലറി ആർട്ട് വർക്കറും (Art Clam Room) | • കുട്ടികളുടെയും മാസ്റ്ററിന്റെയും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതിന്.<br>• കുട്ടികൾക്ക് സ്വതന്ത്രമായി ആർട്ട് വർക്കുകൾ ചെയ്യുന്നതിനുള്ള ഒരു പ്രത്യേക മുറി. | ഒരു വർഷത്തിനിടെ | ആർട്ട് ക്ലബ്ബ് | |
| 2 | Sound studio &Music Room | പാട്ട് പാടുവാൻ കഴിവുള്ള കുട്ടികൾക്കായി Sound proof ആയ നല്ല Sound Studio | ഒരു വർഷം | ആർട്ട് ക്ലബ്ബ് | |
| 3 | ചിത്രരചന പഠന ക്യാമ്പ് ചിത്രരചനയിൽ താല്പര്യമുള്ള കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ചിത്രരചനയിലെ വിവിധ | • ചിത്രരചനയിൽ താല്പര്യമുള്ള കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട്<br>• ചിത്രരചനയിലെ വിവിധ മാധ്യമങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള ക്ലാസുകൾ | സെപ്റ്റംബർ | ആർട്ട് ക്ലബ്ബ് | |
| 4 | കയ്യെഴുത്ത് മാസിക ശിൽപ്പശാല | കഥ ,കവിത ,ലേഖനം, ചിത്രരചന എന്നീ മേഖലകളിൽ കഴിവ് തെളിയിച്ച കുട്ടികൾക്ക് അവസരം ലഭിക്കുന്നതിനായി കൂടാതെ നല്ല കയ്യക്ഷരം എഴുതുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ | 2 ആഴ്ച | വിദ്യാരംഗം കലാസാഹിത്യവേദി , ആർട്ട് ക്ലബ് | |
| 5 | ചിത്ര പ്രദർശനം നാടൻ കലകൾ<br>ഉദാ:- തെയ്യം പോലുള്ള കലകൾ ഉൾക്കൊള്ളിച്ചുള്ള പ്രദർശനം | വിവിധതരം തെയ്യക്കോലങ്ങളുടെ ഫോട്ടോകൾ ഉൾക്കൊള്ളിച്ചുള്ള ഫോട്ടോ പ്രദർശനം | 2 ദിവസം | ആർട്ട് ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 6 | കാർട്ടൂൺ രചന ശില്പശാല | കാർട്ടൂണിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള ക്ലാസ് | 1 ദിവസം | ആർട്ട് ക്ലബ് | |
| 7 | പോർട്രേറ്റ് രചന വിവിധ മേഖലയിൽ കഴിവ് തെളിയിച്ച മഹാന്മാരുടെ ചിത്രങ്ങൾ അവരുടെ പേര് എഴുതി സ്കൂളിൻറെ വിവിധ മൂലകളിൽ പ്രദർശിപ്പിക്കുക ഉദാഹരണം മഹാത്മാഗാന്ധി ഐസക് ന്യൂട്ടൻ ഡോക്ടർ രാധാകൃഷ്ണൻ ഒരു വർഷത്തിനിടെ | വിവിധ മേഖലയിൽ കഴിവ് തെളിയിച്ച മഹാന്മാരുടെ ചിത്രങ്ങൾ അവരുടെ പേര് എഴുതി സ്കൂളിന്റെ വിവിധ മൂലകളിൽ പ്രദർശിപ്പിക്കുക. ഉദാ:- മഹാത്മാഗാന്ധി ഐസക് ന്യൂട്ടൻ, ഡോ. രാധാകൃഷ്ണൻ etc... | 1 വർഷത്തിനിടെ | ആർട്ട് ക്ലബ് | |
| 8 | കുട്ടികളുടെ പെയിന്റിംഗ് പ്രദർശനം | നല്ലവണ്ണം വരക്കുന്ന കുട്ടികളുടെ പെയിന്റിംഗ് ഓരോ ബാച്ചിൽ നിന്നും വിരലിലെണ്ണാവുന്നത്. | വർഷത്തിൽ 1, 2 | ആർട്ട് ക്ലബ് | |

**അക്കാദമിക മാസ്റ്റർ പ്ലാൻ ആരോഗ്യ കായിക വിദ്യാഭ്യാസം**

| നമ്പർ | **പ്രവർത്തനം** | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ഫുട്ബോൾ മത്സരം- ആൺ ( ക്ലാസ്സുകൾ തമ്മിൽ)<br><br>ത്രോബോൾമത്സരം - പെൺ (ക്ലാസുകൾ തമ്മിൽ ) | ജൂൺ<br>ജൂലൈ | സ്പോർട്സ് ക്ലബ് | | കുട്ടികളുടെ മാനസിക പിരിമുറുക്കം കുറക്കുക. കായിക സംസ്കാരം വളർത്തുക |
| 2 | ഫുട്ബോൾ പരിശീലനം | ജൂലൈ മാസം ആരംഭിച്ച് തുടർന്ന് നടത്തുക | സ്പോർട്സ് ക്ലബ് | | നല്ല സ്പോർട്സ് പ്രാവീണ്യമുള്ള കുട്ടികളെ വളർത്തുക |
| 3 | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എയിറോബിക് വ്യായാമം | സെപ്റ്റംബർ ആരംഭിച്ച തുടർച്ച (എല്ലാ ദിവസവും 30 മിനിറ്റ് മുതൽ ഒരു മണിക്കൂർ വരെ ) | സ്പോർട്സ് ക്ലബ് | | SCERT സഹായത്തോടെ നടന്ന കായിക ക്ഷമതാ പരിശോധനയിൽ വെളിവായ പ്രശ്നങ്ങളുടെ പരിഹാരം |
| 4 | കായിക ക്ഷമത തീരെ കുറഞ്ഞവർക്ക് പ്രത്യേക പരിശീലനം (അമിതവണ്ണം , മെലിഞ്ഞ ശരീരം എന്നിവ പരിഗണിക്കുക) | നവംബർ ആരംഭിച്ച് തുടർച്ച | സ്പോർട്സ് ക്ലബ് | | കായിക ക്ഷമതയിൽ സാക്ഷരത കൈവരിക്കൽ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ജീവശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട അടിസ്ഥാന ജ്ഞാനം ഉറപ്പിക്കൽ | ➢ ജീവശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധന<br>➢ പ്രത്യേകം തയ്യാറാക്കിയ ചോദ്യവലികൾ, ചെക്ക് ലിസ്റ്റ് , ചിത്രങ്ങൾ നൽകിയുള്ള തിരിച്ചറിയൽ മുതലായവ | ജൂൺ ആദ്യവാരം | അധ്യാപകർ |
| 2 | ഉപകരണങ്ങൾ | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ഉപകരണങ്ങൾ പരിചയപ്പെടൽ.<br>ഉദാ:- മൈക്രോസ്കോപ്പ് സ്റ്റെതസ്കോപ്പ്, തെർമോമീറ്റർ ബി.പി , അപ്പാരറ്റസ് മുതലായവ നേരിൽ കണ്ട് പ്രവർത്തനം മനസ്സിലാക്കാൽ. | ജൂൺ , ജൂലൈ മാസങ്ങളിൽ | അധ്യാപകർ |
| 3 | ആരോഗ്യ ബോധവൽക്കരണം | ➢ വ്യക്തി ശുചിത്വം, പരിസര ശുചിത്വം , ആരോഗ്യ പരിപാലനം, പകർച്ചവ്യാധി നിർമാർജനം വാക്സിനേഷൻ ബോധവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട് ഡോക്ടർ , ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുമായുള്ള അഭിമുഖം, ക്ലാസ്.<br>➢ വൈദ്യ പരിശോധന : നേത്ര പരിശോധന, വിളർച്ച ,ഗോയിറ്റർ ലെപ്രസി മുതലായ രോഗങ്ങൾ കണ്ടെത്താൻ | ജൂൺ മുതൽ വ്യത്യസ്ത മാസങ്ങളിൽ | സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| | | സ്കൂൾ പരിസരത്തും വീട്ടു പറമ്പിലുമായി കാണപ്പെടുന്ന വിവിധ | | |

| | | | | |
|---|---|---|---|---|
| 4 | സസ്യപരിചയം | സസ്യങ്ങളുടെ ശാസ്ത്രീയ നാമം ഫാമിലി സാമ്പത്തിക പ്രാധാന്യം ഇവ പരിചയപ്പെടൽ. | ഒരാഴ്ചയിൽ ഒരു സസ്യം എന്ന നിലയിൽ | |
| 5 | ശാസ്ത്ര അഭിരുചി വളർത്തൽ | വിജ്ഞാനപ്രദമായ ശാസ്ത്ര പരീക്ഷണങ്ങൾ കൃഷി ഫാം പക്ഷി സങ്കേതം ബോട്ടണിക്കൽ ഗാർഡനുകൾ മൃഗശാല മുതലായ സ്ഥലങ്ങളിലേക്കുള്ള പഠനയാത്ര | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് ക്ലബ്ബ് |
| | | ➢ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ<br>➢ ശാസ്ത്ര പതിപ്പുകൾ , മാഗസിനുകൾ ഇവയുടെ നിർമ്മാണം<br>➢ ശസ്ത്രമേളകൾ , ശില്പശാലകൾ<br>➢ മോഡൽ നിർമ്മാണം | ഓരോ ദിനാചരണം, പാഠഭാഗങ്ങൾ ഇവയുമായി ബന്ധപ്പെട്ട് വ്യത്യസ്ത മാസങ്ങളിൽ | സയൻസ് ക്ലബ്ബ് |
| 6 | പരിസ്ഥിതി സംരക്ഷണം | ➢ ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br>➢ പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് വീട്ടു പറമ്പിലും സ്കൂൾ പരിസരത്തും വൃക്ഷത്തൈ നടൽ അവയുടെ പരിപാലനം. | ദിനാചരണത്തടനുബന്ധിച്ച് | സയൻസ് ക്ലബ്ബ് |
| 7 | കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ | സ്കൂളിലും വീട്ടുപറമ്പിലും പച്ചക്കറി- ഔഷധത്തോട്ട ,നിർമ്മാണം അവയുടെ പുരോഗതി വിലയിരുത്തൽ, മത്സ്യകൃഷി - കൂൺ കൃഷി, അലങ്കാര സസ്യങ്ങൾ വളർത്തൽ, | 2 വർഷത്തെ കാലയളവിൽ | സയൻസ് ക്ലബ്ബ് |
| 8 | ശാസ്ത്ര അവബോധം വളർത്തൽ | വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സംവാദം , സെമിനാർ, ശില്പശാല, പ്രോജക്ട് ദിനാചരണങ്ങൾ ,വീഡിയോ പ്രദർശനം സ്ലൈഡ് പ്രദർശനം, സർവ്വേ - ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അതാത് മാസങ്ങളിൽ | അധ്യാപകർ, സയൻസ് ക്ലബ്ബ് |
| 9 | ശാസ്ത്ര പ്രതിഭകളെ വളർത്തിയെടുക്കൽ | N MMS , NTSE ഇൻസ്പെയർ അവാർഡുകൾ എന്നിവയ്ക്കുള്ള ചിട്ടയായ പരിശീലനം | ഒക്ടോബർ , ഡിസംബർ മാസങ്ങളിൽ | അധ്യാപകർ, |

**അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - ലിറ്റിൽ കൈറ്റ്സ്- IT ക്ലബ്ബ്**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | വിദ്യാർത്ഥികളിൽ IT വിഷയത്തിൽ താൽപര്യം വളർത്തുക | • IT ക്ലബ് രൂപീകരണം<br>• ഒരു വർഷത്തെ പ്രവർത്തനസൂത്രണം | ഒരു വർഷം | SITC , കൈറ്റ് മാസ്റ്റർ, മിസ്ട്രസ് എന്നിവർ |
| 2 | ഇൻഫർമേഷൻ ടെക്നോളജിയുടെ വിവിധ മേഖലകളിൽ പരിശീലനം | റിസോഴ്സ് അധ്യാപകരുടെ നേതൃത്വത്തിൽ ആനിമേഷൻ, പ്രോഗ്രാമിംഗ് , സ്ക്രാച്ച് വിഷയങ്ങളിൽ കൂടുതൽ പരിശീലനം | വിവിധ മാസങ്ങളിലായി . | IT ക്ലബ് |
| 3 | മാഗസിൻ നിർമ്മാണം | പ്രത്യേകം എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് ഡിജിറ്റൽ മാഗസിൻ നിർമ്മാണം | ജനുവരി ഫെബ്രുവരി മാസങ്ങളിൽ | IT ക്ലബ് |
| 4 | ഡിജിറ്റൽ പൂക്കള നിർമ്മാണം (കലാബോധം വളർത്തൽ) | ഓണാഘോഷത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഡിജിറ്റൽ പൂക്കള മത്സരം | സെപ്റ്റംബർ മാസം | IT ക്ലബ് |
| 5 | Expert Class (വിദഗ്ധരുടെ ക്ലാസ്) | ഐടിയുടെ വിവിധ മേഖലകളിൽ അറിവ് നേടാനായി വിദഗ്ധന്മാരുടെ ക്ലാസ് | ഒരു വർഷത്തെ ഇടവേളകളിൽ | IT ക്ലബ് |
| 6 | ബോധവൽക്കരണ ക്ലാസ് | ➢ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് അമ്മമാർക്കുള്ള ക്ലാസ്.<br>➢ ലഹരി ഉപയോഗത്തിനെതിരെ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് | ഒരു വർഷത്തിനുള്ളിൽ | IT ക്ലബ് |
| 7 | അമ്മമാർക്ക് കമ്പ്യൂട്ടർ സാക്ഷരത | സ്കൂളിലെ കുട്ടികളുടെ അമ്മമാർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകുക | ഒരു വർഷത്തിനിടയിൽ | IT ക്ലബ് |

**ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്**

**മുണ്ടേരി യൂണിറ്റ് HSS 449, 450 KNR SCOUT & GUID TROUP**

**പ്രവർത്തനം**

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാലയവും സമീപ പ്രദേശങ്ങളിലും ശുചീകരണവും വനവത്കരണവും
- ഔഷധത്തോട്ട നിർമ്മാണം വൃക്ഷങ്ങൾക്ക് നാമകരണം.
- പ്ലാസ്റ്റിക് രഹിത ക്യാമ്പസ് , ക്ലാസ്സ്തല ബോധവൽക്കരണം , പരിസ്ഥിതി ദിന റാലി.
- യുദ്ധവിരുദ്ധ റാലി , യുദ്ധവിരുദ്ധ സന്ദേശം.
- സ്വാതന്ത്ര്യസമര സേനാനികളുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ.
- രക്തദാന ബോധവൽക്കരണം.
- വൃദ്ധസദന സന്ദർശനം സഹായ വിതരണം .
- പ്രവേശ് , പ്രഥമ, ദ്വിതീയ, തൃതീയ ,സോപാൽ ക്യാമ്പുകൾക്കുള്ള പരിശീലനം.
- രാജ്യപുരസ്കാർ സ്കൗട്ട്, ഗൈഡ് ആവാനുള്ള പ്രവർത്തനങ്ങൾ.

**ലക്ഷ്യം**

1. കുടുംബ-സാമൂഹ്യ- രാജ്യസ്നേഹമുള്ള ഉത്തമ പൗരനായി തീരൽ.
   സഹജീവി സ്നേഹം ,സഹായമനസ്കത എന്നിവ വർദ്ധിപ്പിക്കൽ

**************************************************************************************************************